**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 19** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ഓഡിറ്റർ തസ്തികയിലെ അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ഓഡിറ്റർ തസ്തികയിൽ അപേക്ഷ സമർപ്പിച്ചവർക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. ഓഡിറ്റർ തസ്തികയിൽ നിയമന ശിപാർശ നൽകിയിട്ടും നാളിതുവരെ നിയമനം ലഭിക്കാത്ത ശ്രീമതി ബേബി ഹിമ കെ പി യുടേയും സീനിയോറിറ്റി പുനസ്ഥാപിച്ച് നിയമനം നൽകണമെന്നുള്ള ശ്രീമതി റിൻസി ബി സത്യന്റേയും പരാതികൾ പരിശോധിച്ചു വരുന്നു. |
| (ബി) | നിലവിൽ ഓഡിറ്റർ തസ്തികയിൽ എത്ര അപേക്ഷരുണ്ടെന്ന് വിശദമാക്കാമോ; | (ബി) | നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ 19 പേർ ഉൾപ്പെട്ടിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് valid application തീയതി അടിസ്ഥാനമാക്കി അപ് ഡേറ്റ് ചെയ്യുന്നതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണത്തിലും സീനിയോറിറ്റി ക്രമത്തിലും മാറ്റം വരാനിടയുണ്ട്. |
| (സി) | എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ആകെ നാല് ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ 3 പ്രതീക്ഷിത ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഓഡിറ്റർ തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | അതാത് ഭരണ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷയിലെ വാലിഡ് ആപ്ലിക്കേഷൻ തീയതിക്കനുസൃതമായി സീനിയോറിറ്റി ലിസ്റ്റ് അപ് ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നതിനാൽ സീനിയോറിറ്റി ക്രമത്തിന് മാറ്റം വരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ